## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1751

16.03.2015 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷ വിഭാഗങ്ങൾക്കായി പുതിയ ഭവനനിർമ്മാണ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ഏതെല്ലാം സമുദായങ്ങളുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ അംഗീകൃത ന്യൂനപക്ഷ മതവിഭാഗങ്ങൾ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈനർ എന്നിവയാണ്. |
| (ബി) ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;<br>(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏതെങ്കിലും പുതിയ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് വീട് വച്ചു നൽകിയെന്നും അവ ഏതെല്ലാം വിഭാഗങ്ങൾക്കാണെന്നും ഇതിനായി എത്ര തുക ചെലവാക്കിയെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ? | (ബി) യും (സി) യും | 2013-14, 2014-15 സാമ്പത്തിക വർഷത്തിലായി ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/ വിവാഹ മോചിതർ/ ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്ന ഭവന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്താകെ 2013-14-ൽ 950 വീടുകളും 2014-15-ൽ 249 വീടുകളും അനുവദിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണം പുരോഗമിക്കുന്നു. മുസ്ലീം, ക്രിസ്ത്യൻ ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ടവർക്കാണ് വീട് അനുവദിച്ചത്. ഇതര ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്ന് അർഹരായ അപേക്ഷകർ ഉണ്ടായിരുന്നില്ല. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. ഇതുമായി ബന്ധപ്പെട്ട മുഴുവൻ തുകയും അതത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2013-14 ഭവന നിർമ്മാണ പദ്ധതി
## ഓരോ ജില്ലയിലേക്കും അനുവദിച്ച വീടുകളുടെ എണ്ണം

| ക്രമ നം | ജില്ല | അനുവദിച്ച വീടുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | മുസ്ലീം വിഭാഗം | ക്രിസ്ത്യൻ വിഭാഗം | ആകെ എണ്ണം | അനുവദിച്ച തുക |
| 1 | തിരുവനന്തപുരം | 54 | 14 | 68 | 136 ലക്ഷം |
| 2 | കൊല്ലം | 45 | 11 | 56 | 112 ലക്ഷം |
| 3 | പത്തനംതിട്ട | 6 | 18 | 24 | 48 ലക്ഷം |
| 4 | ആലപ്പുഴ | 42 | 10 | 52 | 104 ലക്ഷം |
| 5 | കോട്ടയം | 10 | 20 | 30 | 60 ലക്ഷം |
| 6 | ഇടുക്കി | 35 | 15 | 50 | 100 ലക്ഷം |
| 7 | എറണാകുളം | 33 | 22 | 55 | 110 ലക്ഷം |
| 8 | തൃശൂർ | 39 | 23 | 62 | 124 ലക്ഷം |
| 9 | പാലക്കാട് | 36 | 8 | 44 | 88 ലക്ഷം |
| 10 | മലപ്പുറം | 195 | 9 | 204 | 408 ലക്ഷം |
| 11 | കോഴിക്കോട് | 90 | 17 | 107 | 214 ലക്ഷം |
| 12 | വയനാട് | 67 | 23 | 90 | 180 ലക്ഷം |
| 13 | കണ്ണൂർ | 46 | 10 | 56 | 112 ലക്ഷം |
| 14 | കാസർഗോഡ് | 50 | 2 | 52 | 104 ലക്ഷം |
| | **ആകെ** | **748** | **202** | **950** | **1900 ലക്ഷം** |

2014-15 ഭവന നിർമ്മാണ പദ്ധതി

| | | അനുവദിച്ച വീടുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| ക്രമ നം | ജില്ല | മുസ്ലീം വിഭാഗം | ക്രിസ്ത്യൻ വിഭാഗം | ആകെ എണ്ണം | ആകെ തുക |
| 1 | തിരുവനന്തപുരം | 8 | 2 | 10 | 20 ലക്ഷം |
| 2 | കൊല്ലം | 8 | 2 | 10 | 20 ലക്ഷം |
| 3 | പത്തനംതിട്ട | 2 | 2 | 4 | 8 ലക്ഷം |
| 4 | ആലപ്പുഴ | 15 | 3 | 18 | 36 ലക്ഷം |
| 5 | കോട്ടയം | 5 | 5 | 10 | 20 ലക്ഷം |
| 6 | ഇടുക്കി | 13 | 7 | 20 | 40 ലക്ഷം |
| 7 | എറണാകുളം | 10 | 3 | 13 | 26 ലക്ഷം |
| 8 | തൃശൂർ | 6 | 4 | 10 | 20 ലക്ഷം |
| 9 | പാലക്കാട് | 15 | 3 | 18 | 36 ലക്ഷം |
| 10 | മലപ്പുറം | 35 | 5 | 40 | 80 ലക്ഷം |
| 11 | കോഴിക്കോട് | 20 | 4 | 24 | 48 ലക്ഷം |
| 12 | വയനാട് | 18 | 5 | 23 | 46 ലക്ഷം |
| 13 | കണ്ണൂർ | 25 | 6 | 31 | 62 ലക്ഷം |
| 14 | കാസർഗോഡ് | 14 | 4 | 18 | 36 ലക്ഷം |
| | ആകെ | **194** | **55** | **249** | **498 ലക്ഷം** |

സെക്ഷൻ ഓഫീസർ